മണ്ണാർക്കാട് ഫയർ സ്റ്റേഷൻ

69 [844] ശ്രീ. കളത്തിൽ അബ്ദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മണ്ണാർക്കാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) എന്നത്തേയ്ക്ക് പ്രവൃത്തി ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ, ബി) മണ്ണാർക്കാട് ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുന്നത് സംബന്ധിച്ച ശുപാർശ സർക്കാർ പരിശോധിച്ചു വരികയാണ്.

സ്വാതന്ത്ര്യ സമര സേനാനികൾക്ക് ചികിൽസാ ആനുകൂല്യങ്ങൾ

70 [845] ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യ സമരസേനാനികൾക്ക് എന്തെല്ലാം ചികിൽസാ ആനുകൂല്യങ്ങൾ സംസ്ഥാന സർക്കാർ നൽകുന്നു എന്ന് വ്യക്തമാക്കുമോ ;

(ബി) സർക്കാർ ആശുപത്രികളിലെ മെഡിക്കൽ ആഫീസർമാരുടെ ശുപാർശ പ്രകാരം കൊച്ചിയിലെ അമൃതാ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസിൽ ഹൃദയ സംബന്ധമായ രോഗത്തിന് ചികിൽസിച്ച ഇവരുടെ മെഡിക്കൽ ബില്ലുകൾ റീ ഇമ്പേഴ്സ് ചെയ്ത് കൊടുക്കുന്നുണ്ടോ ;

(സി) ഇല്ലെങ്കിൽ ഇങ്ങനെയുള്ള സ്വാതന്ത്ര്യ സമരസേനാനികളുടെ മെഡിക്കൽ ബില്ലുകൾ മാറി നൽകുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വാതന്ത്ര്യ സമരസേനാനികൾക്കും ഭാര്യക്കും അവിവാഹിതരായ പെൺമക്കൾക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിൽസ അനുവദിച്ചിട്ടുണ്ട്. സ്വാതന്ത്ര്യ സമരസേനാനികൾക്ക് മെഡിക്കൽ കോളേജ് ആശുപത്രി ഉൾപ്പടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിലും പേവാർഡ് അനുവദിക്കുന്നതിൽ മുൻഗണന നൽകുന്നുണ്ട്. പേവാർഡിന്റെ വാടകയിൽ 50% കിഴിവ് അനുവദിക്കുന്നുണ്ട്. ചികിൽസയ്ക്കാവശ്യമായ മരുന്നുകൾ സൗജന്യമായി സർക്കാർ ആശുപത്രികളിൽ നൽകുന്നുണ്ട്. ആശുപത്രികളിൽ ലഭ്യമാകാത്ത മരുന്നുകൾ പുറത്തുനിന്നു വാങ്ങിയാൽ ആ തുക റീ-ഇംപേഴ്സ് ചെയ്ത് കൊടുക്കുന്നുണ്ട്. ആശുപത്രികളിൽനിന്നും വിതരണം ചെയ്യുന്ന ആഹാരം സ്വാതന്ത്ര്യ സമരസേനാനികൾക്ക് പേവാർഡിലും സൗജന്യമായി ലഭ്യമാണ്. എക്സ്റേ, ലബോറട്ടറി

LIBRARY ARCHIVES Kerala Legislative Assembly